# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2316
# 12/02/2020 ലെ മറുപടിക്ക്

## ബ്യൂറോക്രസിയെ റൈറ്റ്സൈസ് ചെയ്യുന്നതിന് നടപടി

| നം. 2316 | ചോദ്യം<br>ശ്രീ.വി. ആർ. സുനിൽ കുമാർ: | ഉത്തരം<br>ഡോ. തോമസ് ഐസക്<br>(ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വികസന അതോറിറ്റികളെ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; തദ്ദേശസ്വയഭരണസ്ഥാപനങ്ങൾ പ്രസ്തുത വികസന അതോറിറ്റികളുടെ ആവശ്യകതയും, അവയുണ്ടാക്കുന്ന അധികബാദ്ധ്യതയും പരിശോധനാവിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സംസ്ഥാനത്തെ വികസന അതോറിറ്റികളിൽ തിരുവനന്തപുരം വികസന അതോറിറ്റി (TRIDA), ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (GCDA) എന്നിവ മാത്രമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. ഈ അതോറിറ്റികളുടെ നിലവിലെ പ്രവർത്തനങ്ങളും ആവശ്യകതയും പരിശോധിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | സംസ്ഥാനം നേരിടുന്ന കടുത്ത ധനപ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന ബ്യൂറോക്രസിയിൽ അത്യാവശ്യമുള്ള തസ്തികകളും അതിന് വേണ്ട ജീവനക്കാരെ മാത്രം ഉൾക്കൊള്ളിച്ചും റൈറ്റ് സൈസിങ്ങ് ചെയ്യുന്നതിനാവശ്യമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ വിവിധ വകുപ്പുകളിൽ ആവശ്യമുള്ള തസ്തികകൾക്ക് പുറമെ അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുന:വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ചില വകുപ്പുകളിൽ അനർഹമായ പ്രമോഷനും ആനുകല്യങ്ങളും നേടുന്നതിനായി ചില ജീവനക്കാർ ലീവെടുത്ത് മറ്റുള്ളവർക്ക് പ്രമോഷൻ തരപ്പെടുത്തുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; ആയത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ